# വൈദ്യുതി പരാതി പരിഹാര ന്യായസഭ (വടക്കൻ മേഖല)
## വൈദ്യുതി ഭവനം, ഗാന്ധിറോഡ്, കോഴിക്കോട് - 673011

(വൈദ്യുതി നിയമം 2003 ലെ സെക്ഷൻ 42(5) അനുസരിച്ച് രൂപം കൊണ്ടത്/ സ്ഥാപിതമായത്.)

ടെലിഫോൺ നംബർ - 0495 2367820

ഇ മെയിൽ. cgrfkzd@kseb.in

## സാന്നിദ്ധ്യം

സാജമ്മ. ജെ. പുന്നൂർ : അദ്ധ്യക്ഷ

ഫ്രാൻസിസ്. എ. സി : അംഗം

ഒ.പി. നം. **23/2024-25**

പരാതിക്കാരൻ :

1. ശ്രീ. മുഹമ്മദ് ഹാജി, സ്റ്റാർലെറ്റ്, ഹോട്ടൽ വൈറ്റ് ലൈൻസ്, നല്ലളം പി. ഒ, കോഴിക്കോട്–673 027.

എതിർകക്ഷികൾ :

1. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സർക്കിൾ, കോഴിക്കോട്, കെ.എസ്.ഇ.ബി ലിമിറ്റഡ്, കോഴിക്കോട്– ജില്ല.
2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, നടക്കാവ്, കെ.എസ്.ഇ.ബി ലിമിറ്റഡ്, കോഴിക്കോട്– ജില്ല.

# ഉത്തരവ്

## പരാതിക്കാരന്റെ വിശദീകരണം:-

പരാതിക്കാരന്റെ ഹോട്ടൽ വൈറ്റ് ലൈൻസ്, നല്ലളം പി. ഒ, കോഴിക്കോട് എന്ന സ്ഥാപനത്തിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി രേഖപ്പെടുത്തിയ വൈദ്യുതിയുടെ പരമാവധി ആവശ്യകത 20 KVA യിലും കുറവായതിനാൽ HT എഗ്രിമെന്റിലെ ഖണ്ഡിക 14 പ്രകാരം കോൺട്രാക്ട് ഡിമാന്റ് 36 KVA ആയി കുറക്കുന്നതിനുവേണ്ടി 16-02-2023 ന് എതിർകക്ഷിക്ക് അപേക്ഷ സമർപ്പിച്ചുവെങ്കിലും ഇതുവരെയായി യാതൊരു മറുപടിയും ലഭിച്ചില്ലെന്നതാണ് പരാതിക്കാരന്റെ ന്യായവാദം.

## എതിർകക്ഷിയുടെ വിശദീകരണം :-

പരാതിക്കാരൻ നടക്കാവ് ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിൽ HTB 16/1631 കൺസ്യൂമർ നമ്പറോടുകൂടിയ ഹൈ ടെൻഷൻ ഉപഭോക്താവാണ്. ടി കണക്ഷന്റെ കോൺട്രാക്ട്ഡിമാന്റ് 70 KVA ആണെന്നും 05-11-1984 ലാണ് കണക്ഷൻ നൽകിയതെന്നും കോൺട്രാക്ട് ഡിമാന്റ് കുറച്ചുകിട്ടുന്നതിനുവേണ്ടി ഇതേ ആവശ്യം ഉന്നയിച്ചുകൊണ്ട് പരാതിക്കാരൻ പല ഫോറങ്ങളേയും മുമ്പ് സമീപിച്ചിരുന്നുവെന്നും പ്രസ്തുത ഫോറങ്ങളും തുടർന്ന് ജുഡീഷ്യൽ സ്ഥാപനങ്ങളും നൽകിയ വിധികളൊന്നും തന്നെ പരാതിക്കാരനോ, ടിയാന്റെ സ്ഥാപനമോ പാലിച്ചിട്ടില്ലെന്നും ഓരോ ഫോറത്തിലും പുതിയ അംഗങ്ങളും ചെയർപേഴ്സൺമാരും മാറുമ്പോഴും പരീക്ഷണാടിസ്ഥാനത്തിൽ ടിയാൻ പഴയ പരാതി വീണ്ടും സമർപ്പിക്കുന്നുവെന്നും അറിയിക്കുകയുണ്ടായി.

## അവലോകനവും കണ്ടെത്തലും:-

ഈ കേസിന്റെ വിചാരണ 07-08-2024 ന് കോഴിക്കോട് സി.ജി.ആർ.എഫ് വച്ച് നടന്നു. പരാതിക്കാരനും എതിർകക്ഷിയും വിചാരണയിൽ ഹാജരായിരുന്നു. വിചാരണ സമയത്ത് ഹാജരാക്കിയ രേഖകളുടെയും മൊഴികളുടെയും അടിസ്ഥാനത്തിൽ താഴെ പറയുന്ന കാര്യങ്ങൾ ബോദ്ധ്യപ്പെട്ടു.

പരാതിക്കാരൻ ഒരേ വിഷയത്തിൽ ഈ ഫോറത്തിനു മുമ്പാകെ നൽകുന്ന മൂന്നാമത്തെ പരാതിയാണിതെന്നും ഒ. പി നം. 51/2020-21 നമ്പറായി ശ്രീമതി. ബീനാഗോപിനാഥ്. എസ് അദ്ധ്യക്ഷനായും ശ്രീ. റോബൻ പീറ്റർ അംഗവുമായ ഫോറത്തിനു മുമ്പാകെ ഫയൽ ചെയ്ത ആദ്യ പരാതിയിൽ നിലവിലെ നിയമപ്രകാരം ഇലക്ട്രിക്കൽ

ഇൻസ്പെക്ടറേറ്റിൽ നിന്നും ഉപഭോക്താവ് പുതിയ സ്കീം അപ്രൂവൽ സമ്പാദിച്ച് മീറ്ററും അനുബന്ധ ഉപകരണങ്ങളും യഥാവിധി സ്ഥാപിക്കുകയും ചെയ്യുന്ന മുറക്ക് കോൺട്രാക്റ്റ്ഡിമാന്റ് കുറച്ചുകൊടുക്കുന്നതിന് ഉചിതമായ നടപടി എടുക്കാമെന്ന ലൈസൻസിയുടെ ഉറപ്പിനോട് വിമുഖത കാണിച്ച പരാതിക്കാരന്റെ നടപടി അംഗീകരിക്കാനാകില്ല എന്നതിനാൽ 19-11-2020 ന് ഫോറം പരാതി തള്ളിയതിനെ തുടർന്ന് പരാതിക്കാരൻ അപ്പീൽ നം. പി/042/2020 നമ്പറായി ബഹു. ഇലക്ട്രിസിറ്റി ഓബുഡ്സ്മാനെ സമീപിക്കുകയുണ്ടായി. ആയതിൽ, നൽകിയ ഉത്തരവിലെപോലെ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുള്ള അനുമതി നേടിയെടുത്ത്, പരാതിക്കാരൻ ഉത്തരവ് അനുസരിക്കുവാൻ താല്പര്യം കാണിക്കാതെ ഈ ഫോറം മുമ്പാകെ അടുത്ത പരാതി വീണ്ടും നൽകുകയാണ് ചെയ്തത്. ടി പരാതി ശ്രീ. അനിൽകുമാർ കെ. എസ് അദ്ധ്യക്ഷനും ശ്രീ. റോബിൻ പീറ്റർ അംഗവുമായുള്ള ഫോറം ഒ. പി നം. 95/2022-23 നമ്പറായി പരിഗണിക്കുകയും പരാതിയിൽ കഴമ്പില്ലെന്നു കണ്ടതിനാലും 1908 ലെ നടപടിക്രമം വകുപ്പ് 10, 11 പ്രകാരം Res sub judice ഉം Res Judicata യുമായി കണ്ടതിനാൽ പരാതിക്കാരന് ഫോറത്തെ സമീപിക്കാനുള്ള യോഗ്യതയില്ലെന്ന് കണ്ട് ഫോറം 10-03-2023 ന് തള്ളികളയുകയാണുണ്ടായത്. ഇതിനിടയിൽ പരാതിക്കാരൻ ഇതേ വിഷയവുമായി ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷനേയും ബഹു. ഹൈക്കോടതിയേയും സമീപിക്കുകയുണ്ടായി. ബഹു. ഹൈക്കോടതി മുമ്പാകെയുള്ള കേസ് തീർപ്പാകാതെ കിടക്കുകയാണെന്നാണ് അറിയിച്ചത്.

മേൽ സാഹചര്യത്തിൽ ഫോറം ഇരു കക്ഷികളേയും വിശദമായി കേൾക്കുകയുണ്ടായി. പരാതിക്കാരൻ പറയുന്നതെന്തെന്നാൽ ഓബുഡ്സ്മാന്റെ ഉത്തരവിൽ പരാമർശിക്കുന്ന കരാർ ഒപ്പവച്ച അധികാരികളും പരാതിക്കാരനും സംയുക്തമായി കെട്ടിടത്തിൽ വയറിംഗ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ അനുമതിക്കായി ശ്രമിക്കണം എന്ന നിർദ്ദേശം ആയതിലേക്ക് വേണ്ടി വരുന്ന പണവും ചെലവും സംയുക്തമായി വഹിക്കണമെന്നാണെന്നും താൻ മാത്രമായി അത് ചെയ്യേണ്ടെന്നുമാണ്. അനാവശ്യമായതും നിയമപരമായി നിലനിൽക്കാത്തതുമായ വാദങ്ങൾ ഉന്നയിച്ച് പ്രശ്നം അനന്തമായി നീട്ടികൊണ്ടുപോകാനും എതിർകക്ഷികളെ പാഠം പഠിപ്പിക്കുവാനുമാണ് പരാതിക്കാരന്റെ നീക്കം എന്ന് മനസ്സിലാക്കാവുന്നതാണ്.

ആയതിനാൽ ഈ കേസിലെ വസ്തുതകളിന്മേൽ ബന്ധപ്പെട്ട ഫോറങ്ങൾ കക്ഷികളെ കേട്ട് ഉത്തരവിറക്കിയതിനാലും സിവിൽ നടപടിക്രമം 1908 വകുപ്പ് 10 പ്രകാരം Res sub judice [ബഹു. ഹൈക്കോടതി മുമ്പാകെ പരാതിക്കാരനും എതിർകക്ഷികളും നൽകിയ കേസുകൾ (റിട്ട് ഹർജികൾ) ഇപ്പോളും നിലവിലുള്ളതിനാലും ] വകുപ്പ് 11 പ്രകാരം ഇതേ വിഷയത്തിൽ വിവിധ ഫോറങ്ങൾ (കോടതികൾ) ഉത്തരവ് നൽകുകയും ചെയ്തതിനാൽ Res judicata യും ബാധകമാണ്. മാത്രമല്ല പരാതി പരിഹാരഫോറവും ബഹു. ഇലക്ട്രിക്കൽ ഓബുഡ്സ്മാനും നൽകിയ ഉത്തരവുകൾ പാരാതിക്കാരൻ പാലിക്കാതിരിക്കുകയും ആയത് പാലിക്കേണ്ട ഉത്തരവാദിത്തം തനിക്കല്ല എതിർകക്ഷികൾക്കാണെന്നും ഈ പരാതിതള്ളികൊണ്ട് ഉത്തരവിറക്കിയാൽ താൻ അപ്പീൽ പോകുമെന്നും വാദത്തിനിടയിൽ പരാതിക്കാരൻ ബോധിപ്പിക്കുകയുണ്ടായി. കോടതി ഉത്തരവുകൾ അനുസരിക്കുവാൻ തയ്യാറാകാതെ കോടതിയലക്ഷ്യമാണ് പരാതിക്കാരൻ കാണിക്കുന്നത്.

ആയതിനാൽ ഈ പരാതി തള്ളിക്കൊണ്ട് ഫോറം ഇതിനാൽ തീർപ്പുകല്പിക്കുന്നു.

രണ്ടായിരത്തി ഇരുപത്തി നാലാമാണ്ട് ആഗസ്റ്റ് മാസം 13 –)0 തിയ്യതി.

| | |
|---|---|
| *Sd/-* | *Sd/-* |
| **ഫ്രാൻസിസ്. എ. സി,** | **സാജമ്മ. ജെ. പുന്നൂർ** |
| **അംഗം** | **അദ്ധ്യക്ഷ** |

Endt.on CGRF-NR/OP 23/2024-25/184 13 /08/2024

അയയ്ക്കുന്നത്:

1. ശ്രീ. മുഹമ്മദ് ഹാജി,
സ്കാർലെറ്റ്,
ഹോട്ടൽ വൈറ്റ് ലൈൻസ്,
നല്ലളം പി. ഒ,
കോഴിക്കോട്–673 027.

ഫോറത്തിന്റെ മേൽ ഉത്തരവിൽ സംതൃപ്തനാവാത്ത പക്ഷം പരാതിക്കാരന് /പരാതിക്കാരിയ്ക്ക് ബഹുമാനപ്പെട്ട ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ സമക്ഷം ഈ ഉത്തരവ് ലഭിച്ച് 30 ദിവസത്തിനകം താഴെ കൊടുത്തിരിക്കുന്ന മേൽവിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്. സംസ്ഥാന ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ, ഡി.എച്ച് റോഡ്, ഓഫ്ഷോർ റോഡ് ജംഗ്ഷൻ, ഗാന്ധി സ്ക്വയറിന് സമീപം
എറണാകുളം, കേരള– 682016.
(ഫോൺ 0484- 2346488)

2. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ,
ഇലക്ട്രിക്കൽ സർക്കിൾ, കോഴിക്കോട്,
കെ.എസ്.ഇ.ബി ലിമിറ്റഡ്, കോഴിക്കോട്– ജില്ല.

കോപ്പി സമർപ്പിക്കുന്നത് :
ചീഫ് എൻഞ്ചിനീയർ(ഡിസ്ട്രിബ്യൂഷൻ - നോർത്ത് ),
കോഴിക്കോട് .

<u>കോപ്പി സമർപ്പിക്കുന്നത് :</u>

1. സെക്രട്ടറി, കെ.എസ്.ഇ.ബി ലിമിറ്റഡ്,
   വൈദ്യുതിഭവനം,തിരുവനന്തപുരം.

2. ഡെപ്യൂട്ടി ചീഫ് എൻഞ്ചിനീയർ
   ഇലക്ട്രിക്കൽ സർക്കിൾ,കോഴിക്കോട്,
   കെ.എസ്.ഇ.ബി ലിമിറ്റഡ്, കോഴിക്കോട്.

3. എക്സിക്യൂട്ടീവ് എൻഞ്ചിനീയർ
   ഇലക്ട്രിക്കൽ ഡിവിഷൻ, കോഴിക്കോട്,
   കെ.എസ്.ഇ.ബി ലിമിറ്റഡ്, കോഴിക്കോട് ജില്ല.

4. അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,

   ഇലക്ട്രിക്കൽ സബ് ഡിവിഷൻ,
   കെ.എസ്.ഇ.ബി ലിമിറ്റഡ്,
   നടക്കാവ്, കോഴിക്കോട്–ജില്ല.

4. അസിസ്റ്റൻറ് എൻജിനീയർ,
   ഇലക്ട്രിക്കൽ സെക്ഷൻ, കെ.എസ്.ഇ.ബി
   ലിമിറ്റഡ്, കോഴിക്കോട് സെൻട്രൽ, കോഴിക്കോട് ജില്ല.

Forwarded

Sd/-

**Chairperson**